തൃശ്ശൂർ	25
പാലക്കാട്	18
മലപ്പുറം	ഇല്ല
കോഴിക്കോട്	ഇല്ല
വയനാട്	ഇല്ല
കണ്ണൂർ	10
കാസർഗോഡ്	12

(സി) ഉണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ, പി.എസ്.സി. വഴിയോ അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് ഇവരുടെ സേവനം അവസാനിപ്പിക്കുന്നതാണ്.

(ഇ) സ്ഥിര നിയമനം നടത്തുന്നതിന് ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെ നിയമനാസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

എച്ച്.എസ്.എ. ഇംഗ്ലീഷിന് നിലവിലുള്ള ഒഴിവുകൾ

120 (2060) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം, കാസർഗോഡ്, എറണാകുളം ജില്ലകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷിന് എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 86 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പി. എസ്. സി. വഴി നിയമനം നടത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) നിയമനം

121 (2061) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും എത്ര ഒഴിവുകൾ വീതം ഇപ്പോൾ ഉണ്ട് ; ഏതെല്ലാം സ്കൂളുകളിലാണ് ഇപ്പോൾ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള ഒഴിവുകൾ.

തിരുവനന്തപുരം	1
നെയ്യാറ്റിൻകര	6
ആറ്റിങ്ങൽ	14

ഒഴിവുകളുള്ള സ്കൂളുകൾ

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

1.	ഗവ. ഗേൾസ് ഹൈസ്കൂൾ, പട്ടം.	1

നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ല

1.	ഗവ. ഹൈസ്കൂൾ, വീരണകാവ്	1
2.	ഗവ. ഹൈസ്ക്കൂൾ, പൂവാർ	1
3.	ഗവ. ഹൈസ്ക്കൂൾ, പരുത്തിപ്പള്ളി	1
4.	ഗവ. ഹൈസ്ക്കൂൾ, മാരായമുട്ടം	1
5.	ഗവ. ഹൈസ്ക്കൂൾ, കുളത്തുമേൽ	1
6.	കെ. വി. ഹൈസ്ക്കൂൾ, അയിര	1

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല.

1.	ഗവ. ഹൈസ്ക്കൂൾ, വിതുര	3
2.	ഗവ. ഹൈസ്ക്കൂൾ, തൊളിക്കോട്	1
3.	ഗവ. ഹൈസ്ക്കൂൾ, പൂവത്തൂർ	1
4.	ഗവ. ഹൈസ്ക്കൂൾ, (ഗേൾസ്), മിതൃമല.	2
5.	ഗവ. ബോയ്സ് ഹൈസ്ക്കൂൾ, മിതൃമല.	2
6.	ഗവ. ഹൈസ്ക്കൂൾ, മീനാങ്ങൽ	1
7.	ഗവ. ഹൈസ്ക്കൂൾ, ഭരതന്നൂർ	2
8.	ഗവ. ഹൈസ്ക്കൂൾ, ആര്യനാട്	1
9.	ഗവ. ഹൈസ്ക്കൂൾ, വി. കെ. കാണി	1

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-03 വർഷത്തെ 10 ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2003-04 വർഷത്തിലെ തസ്തിക നിർണ്ണയത്തിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിശ്ചിത അനുപാതം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ നടപടി സ്വീകരിക്കും.

എച്ച്.എസ്.എ. മലയാളത്തിന്റെ പി.എസ്.സി. ലിസ്റ്റ്

122 (2062) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ എച്ച്.എസ്.എ. മലയാളത്തിന്റെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാലാവധി എന്നു തീരും ;

(സി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ഒഴിവുകൾ സെന്തിൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തതിനുശേഷമാണോ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് ;

(ഇ) ആണെങ്കിൽ പ്രസ്തുത കമ്മിറ്റിക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(എഫ്) കമ്മിറ്റി പരിശോധിച്ചശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ;

(ജി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എച്ച്) റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഐ) ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-8-2003-ൽ

(സി) 6 ഒഴിവുകൾ

(ഡി) അല്ല. ബഹു. കേരള ഹൈക്കോടതിയുടെ, 39338/02-ാം നമ്പർ ഒ.പി. യിന്മേലുള്ള ഉത്തരവ് പ്രകാരം 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു.

(ഇ) കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly